# കേരള നിയമസഭ
# 19.06.2014–ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 19, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ – 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## സ്പീഡ് കേരള പദ്ധതി

*241 ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പീഡ് കേരള പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുള്ള വിഭവസമാഹരണം എപ്രകാരം നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നല്കാമോ;

(സി) സ്പീഡ് കേരളയിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉതകുന്നതരത്തിൽ ഒരു ടാസ്ക് ഫോഴ്സിന് രൂപം നല്കാൻ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോ ടെണ്ടർ നടപടികൾ</u>

*242 ശ്രീ. കെ. ദാസൻ
,, ഇ.പി. ജയരാജൻ
,, എ.എം. ആരിഫ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ നടക്കുന്ന ടെണ്ടറുകളിൽ ഉദ്യോഗസ്ഥരും കരാറുകാരും ഒത്തുകളിയിലൂടെ ക്രമക്കേട് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വിഭാഗം കരാറുകാർ സംഘടിതമായി വിപണിവിലയിലും ഉയർന്ന നിരക്ക് രേഖപ്പെടുത്തുകയും ഉദ്യോഗസ്ഥന്മാർ ഇത് വിലപേശലിലൂടെ നാമമാത്ര സംഖ്യ കുറച്ച് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്യുന്ന അവസ്ഥയുണ്ടായിട്ടുണ്ടോ;

(സി) ഒത്തുകളിക്ക് തയ്യാറാകാത്ത കരാറുകാർക്ക് നേരത്തേ സാധനങ്ങൾ വിതരണം ചെയ്തതിന് നൽകേണ്ട പണം തടഞ്ഞു വച്ചതുമായി ബന്ധപ്പെട്ട് വിവാദം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കരാറുകാർ അമിതനിരക്ക് രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ സപ്ലൈകോ സ്വീകരിക്കേണ്ടുന്ന നിലപാട് എന്താണ്; അത് പാലിക്കപ്പെടുന്നുണ്ടോ;

(ഇ) സപ്ലൈകോയിൽ കരാറുകാർക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനും ടെണ്ടർ നൽകുന്നതിലെ അഴിമതി തടയുന്നതിനും ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സംവിധാനം</u>

*243 ശ്രീ. ആർ. സെൽവരാജ്
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന തകർച്ച</u>

*244 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എം. എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആദായകരമല്ലാത്ത സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദായകരമല്ലെന്ന് കണക്കാക്കിയിട്ടുള്ള സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനും, ചേരുന്ന കുട്ടികൾ കൊഴിഞ്ഞുപോകുന്നതിനുമുള്ള അടിസ്ഥാനപരമായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എന്താണ് കണ്ടെത്തലെന്ന് വിശദമാക്കാമോ:

(ഇ) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് യഥേഷ്ടം അനുമതി നൽകിയതാണ് സർക്കാർ സ്കൂളുകളുടെ പ്രസ്തുത ദുരവസ്ഥയ്ക്ക് പ്രധാന കാരണമെന്ന കാര്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയം തിരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം തടയാൻ പദ്ധതി</u>

*245 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് പൊതുവിപണിയിലും മാവേലി-നന്മ സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011 മേയ് മാസത്തെ വിലയും ഇപ്പോഴത്തെ വിലയും തമ്മിൽ താരതമ്യം ചെയ്ത് വിശദാംശം ലഭ്യമാക്കുമോ;

(ബി) അടുത്ത രണ്ടു വർഷക്കാലത്തേക്ക് പ്രഖ്യാപിച്ച പദ്ധതികളിൽ വിലക്കയറ്റം തടയുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

*246 ശ്രീ. ആർ. രാജേഷ്
,, കോടിയേരി ബാലകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിനുവേണ്ടി അരിമില്ലുകൾ സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വയനാട്, പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന 2013-14 -ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; സാമ്പത്തിക പ്രതിസന്ധി കാരണമായിട്ടുണ്ടോ;

(സി) സംഭരിക്കുന്ന നെല്ല് അരിയാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആശ്രയിക്കുന്ന സ്വകാര്യമില്ലുകൾ അരി തിരിമറി നടത്തി മോശപ്പെട്ട അരിയാണ് തിരിച്ചേൽപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാൻ എന്തു സംവിധാനമാണുള്ളതെന്നറിയിക്കുമോ;

(ഡി) സ്വകാര്യമില്ലുകൾ ഇത്തരം തട്ടിപ്പുകൾ പതിവാക്കിയ സാഹചര്യത്തിൽ പൊതുമേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി നികത്തുന്നതിന് അനുമതി</u>

*247 ശ്രീ. സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി നികത്തുന്നതിന് കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും അനുവദിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ:

(ബി) ഭൂമി കൃഷിയോഗ്യമാണോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ;

(സി) നികത്താനുള്ള ഉദ്ദേശത്തിൽ മന:പൂർവ്വം ഭൂമി തരിശിടുന്ന നടപടി തടയാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത സ്കൂളുകൾ</u>

*248 ശ്രീ. എം. ഹംസ
'' എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശംലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചു പൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി മാനേജ്മെന്റുകൾ അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാലയങ്ങൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടവയാണോ; ഇനിയും അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് യഥേഷ്ടം അംഗീകാരം നൽകുന്നത് പൊതു വിദ്യാഭ്യാസ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം</u>

*249 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നെല്ലു സംഭരണ വിലയുടെ കുടിശ്ശിക</u>

*250 ശ്രീ. എം. ചന്ദ്രൻ
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) കഴിഞ്ഞ ഒന്നും രണ്ടും സീസണുകളിൽ സംഭരിച്ച നെല്ലിന്റെ വില ഇതിനകം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിൽ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്നറിയിക്കുമോ;

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നെല്ലിന്റെ സംഭരണവില നൽകുന്നത് കുടിശ്ശികയാകാൻ കാരണമായിട്ടുണ്ടോ;

(ഡി) നെല്ലിന്റെ വില യഥാസമയം ലഭിക്കാത്തത് കർഷകരുടെ വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംഭരണവില കുടിശ്ശികയായതു കാരണം കർഷകർക്ക് അടുത്ത വിളവിറക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് ഗൗരവമായികണ്ട് പരിഹാര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കൽ</u>

*251 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കുവാനും ഹോട്ടലുകളെ ഗ്രേഡിംഗ് സംവിധാനത്തിൽ കൊണ്ടുവരാനും എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ദേശീയപാതാ വികസനത്തിന് ബദൽമാർഗ്ഗം

*252 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാവികസനത്തിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയ നിലയ്ക്ക് എന്ത് ബദൽ മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.എച്ച്.എ.ഐ.-ൽ കൂടിയല്ലാതെ നടപ്പിലാക്കുന്ന ദേശീയ പാതാ വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണം</u>

*253 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, പി.കെ. ഗുരുദാസൻ
,, കെ. രാധാകൃഷ്ണൻ
,, കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആധുനികവല്ക്കരണ പദ്ധതിയിൽ എന്തെല്ലാമാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ആധുനികവൽക്കരണത്തിന് എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>യൂണിഫോം വിതരണത്തിലുള്ള പാളിച്ചകൾ</u>

*254 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയന വർഷം സ്ക്കൂൾ യൂണിഫോം വിതരണത്തിലുണ്ടായ പാളിച്ചകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) യൂണിഫോം വിതരണത്തിലുണ്ടായ പാളിച്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം</u>

*255 ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പുതിയതായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും കമ്പ്യൂട്ടറൈസ്ഡ് ഡാറ്റാ ലഭ്യമാക്കുന്നതിനുള്ള നടപടി മിഷൻ 676'-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>റേഷൻ കാർഡ് വിതരണം</u>

*256 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ വിഭാഗങ്ങളിലുള്ള റേഷൻ ഉപഭോക്താക്കൾ ആരെല്ലാം; ഓരോ വിഭാഗത്തിന്റെയും നിർണ്ണയ മാനദണ്ഡം വിശദമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെപേരിൽ റേഷൻ കാർഡ് നൽകുന്നതിന് നിയമമുണ്ടോ; ഇത്തരത്തിൽ റേഷൻ കാർഡ് അന്യസംസ്ഥാന തൊഴിലാളികൾ കൈവശപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒരാളിന്റെ പേര് ഒന്നിൽകൂടുതൽ റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയുന്നതിന് എന്തുമാർഗ്ഗമാണുള്ളത്; വിശദമാക്കുമോ;

(ഡി) അറുപത് വയസിനു മുകളിൽ പ്രായമുള്ള കുടുംബാംഗങ്ങളുടെ പേരിൽ റേഷൻകാർഡ് നൽകുന്നത് ഗുണകരമാണോ; ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

സാങ്കേതിക സർവ്വകലാശാലയിൽ വ്യവസായികളുടെ പങ്കാളിത്തം

*257 ശ്രീ. എ.എം. ആരിഫ്
,, ആർ. രാജേഷ്
,, ബി. സത്യൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല രൂപീകരണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ഘടനയ്ക്ക് മറ്റു സർവ്വകലാശാലകളിൽ നിന്ന് എന്ത് വ്യത്യാസമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വകലാശാലയിൽ വ്യവസായികൾക്ക് ഏത് തരത്തിലുള്ള പങ്കാളിത്തമാണ് നൽകിയിട്ടുള്ളത്;

(ഇ) ആയത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>വെള്ളത്തിൽ വീണുള്ള മരണങ്ങൾ</u>

*258 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളത്തിൽ വീണുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ അടിക്കടി ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായി പഠിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമൂലം അനാഥമാകുന്ന കുടുംബങ്ങളെ സഹായിക്കാനും, അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>

*259 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പരമ്പരാഗത കയർ തൊഴിലാളികൾക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തൊഴിൽപരമായ സുരക്ഷയും നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>ഹരിതനിർമ്മാണ നയം</u>

*260 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതനിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>കൈമാറ്റം ചെയ്യുന്ന ഭൂമിയിലെ കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി</u>

*261 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈമാറ്റ രജിസ്ട്രേഷൻ ചെയ്യുന്ന ഭൂമിയിലെ കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ചുമത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള ഉത്തരവിന് എന്നുമുതൽ പ്രാബല്യമുണ്ടാകും എന്നറിയിക്കുമോ;

(ബി) കെട്ടിടങ്ങൾക്കും വൃക്ഷങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലുണ്ടായ അപാകതകൾ പരിഹരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം</u>

*262 ശ്രീ. എ.കെ. ബാലൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം.എ. ബേബി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർതലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ മിക്കതിലും ഗുണനിലവാരമില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരമില്ലാത്ത റോഡുകളും പാലങ്ങളും അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം അറിവുള്ളതാണോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് നിശ്ചിതകാലം കഴിയുന്നതിനുമുമ്പ് തകർന്നുപോകുന്ന നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാരൻ തന്നെ ഉത്തരവാദിയാകുന്ന തരത്തിൽ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടോ;

(ഡി) നിർമ്മാണപ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികൾ</u>

*263 ശ്രീ. എളമരം കരീം
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതികളുടെ ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സാങ്കേതിക ബിഡ്ഡിൽ വേണ്ടതായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(ബി) ടെണ്ടറിൽ മത്സരം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; എത്ര കമ്പനികൾ സാങ്കേതിക ബിഡ്ഡിൽ പങ്കെടുത്തു;

(സി) പദ്ധതികൾ പൂർത്തിയാക്കുന്നതിന് കണക്കാക്കപ്പെട്ട എസ്റ്റിമേറ്റ് തുക എത്ര കോടി വീതമായിരുന്നു;

(ഡി) സാമ്പത്തികബിഡ്ഡ് തുറന്ന് വിലയിരുത്തുകയുണ്ടായോ; ഡി.എം.ആർ.സി മോണോറെയിൽ കോർപ്പറേഷൻ മുമ്പാകെ ഇത് സമർപ്പിച്ചിട്ടുണ്ടോ; ഡി.എം.ആർ.സിയുടെ പ്രധാന വിലയിരുത്തലുകൾ വ്യക്തമാക്കുമോ;

(ഇ) സാങ്കേതിക ബിഡ്ഡിന് സർക്കാർ അംഗീകാരം നൽകിയത് എപ്പോഴാണ്; സാമ്പത്തിക ബിഡ് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഒരു കമ്പനി മാത്രം ബിഡ്ഡിൽ പങ്കെടുത്താൽ റീടെണ്ടർ വിളിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം സമ്പ്രദായം

*264 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുമോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച</u>

*265 ശ്രീമതി കെ.എസ്. സലീഖ
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ഡോ. കെ.ടി. ജലീൽ
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ;

(സി) സ്വാശ്രയ കോളേജുകളിലെ ഭൗതിക സൗകര്യങ്ങളുടെ കുറവും യോഗ്യരായ അദ്ധ്യാപകരില്ലാത്തതുമാണ് നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുള്ളതെന്ന കാര്യം അറിവുള്ളതാണോ;

(ഡി) ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടന്നിട്ടും കുട്ടികൾ പ്രവേശനം തേടി അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതിന്റെ കാരണം സ്വാശ്രയ കോളേജുകളുടെ ദുരവസ്ഥയാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ ഇനിയും പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നതിൽ നിന്നും പിന്തിരിയുന്നതിനും പഠനസൗകര്യങ്ങളുടെ കാര്യത്തിൽ മാനേജുമെന്റുകൾക്ക് കർശനമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്താനും തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ നിയമനവും നവീകരണവും</u>

*266 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ന് ശേഷമുള്ള എയ്ഡഡ് സ്കൂൾ-കോളേജ് തലങ്ങളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിന് നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>ബൈപാസ് റോഡുകളുടെ നിർമ്മാണം</u>

*267 ശ്രീ. റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ബൈപാസ് റോഡുകളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്; നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിന്റെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഫണ്ടിന്റെ ലഭ്യത ബൈപാസ് റോഡുകളുടെ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ;

(ഡി) ബൈപാസ് റോഡുകളുടെ നിർമ്മാണം വൈകുന്നതുമൂലം ഗതാഗതക്കുരുക്ക് വർദ്ധിക്കുന്നതും റോഡപകടങ്ങൾ പെരുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബൈപാസ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ജലാശയങ്ങളുടെ സ്കെച്ചുകളും പ്ലാനുകളും
കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

*268 ശ്രീ.പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ.എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, മറ്റു ജലസംഭരണികൾ എന്നിവ സംബന്ധിച്ച് കേരളപ്പിറവിക്കു മുൻപ് റവന്യു വകുപ്പിന്റെ കൈവശമുളള സ്കെച്ചുകളും, പ്ലാനുകളും എപ്പോഴെങ്കിലും പുന:പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ പകർപ്പുകളോ വിവരങ്ങളോ ജലവിഭവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഇത്തരം സ്കെച്ചുകളും, പ്ലാനുകളും അനുബന്ധ വിവരങ്ങളും ക്രോഡീകരിച്ച് ഡിജിറ്റൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ പ്രവർത്തനം</u>

*269 ശ്രീ. സാജു പോൾ
,, എ. കെ. ബാലൻ
,, എളമരം കരീം
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ പ്രവർത്തനം കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധിക്കിടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കമ്പോളത്തിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് ലഭിക്കേണ്ട ധനസഹായം ലഭിക്കാത്തതാണ് പ്രതിസന്ധിക്കുള്ള മുഖ്യകാരണം എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെടുകാര്യസ്ഥതയും അഴിമതികളും നിർബാധം തുടരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സപ്ലൈകോയ്ക്ക് സർക്കാർ എന്തുതുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) സപ്ലൈകോ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുവിതരണ സംവിധാനത്തെ പ്രതികൂലമായി ബാധിച്ചതുമൂലമുണ്ടായിട്ടുള്ള അമിത വിലവർദ്ധന തടയുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>അധ്യാപക തസ്തിക നിർണ്ണയം</u>

*270 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇതിൻപ്രകാരം അധികം വരുന്ന അധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തസ്തിക നിർണ്ണയത്തിന് ഏത് അനുപാതമാണ് മാനദണ്ഡമായി സ്വീകരിച്ചത്; ഇത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധമായിരുന്നോ;

(സി) തസ്തിക നിർണ്ണയത്തിൽ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിന്നും വ്യതിചലിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ വ്യത്യസ്ത അനുപാതമാണോ സ്വീകരിച്ചിട്ടുള്ളത്; കാരണം വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ അധികമായി കണക്കാക്കിയിട്ടുള്ള അധ്യാപകരെ അധ്യാപക ബാങ്കിലേക്ക് മാറ്റിയിട്ടുണ്ടോ; ഇവർക്ക് തുടർന്നും ശമ്പളം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 10.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]